പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 372

27.06.2012-ൽ മറുപടിയ്ക്ക്

നദികളുമായി ബന്ധപ്പെട്ട് ടൂറിസം വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹീദ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) സംസ്ഥാനത്തെ പ്രധാന നദികളുടെ തനിമയും പാരമ്പര്യവും നിലനിർത്തുവാനും സംരക്ഷണവും ലക്ഷ്യമിട്ട് ടൂറിസം വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;<br><br>ബി) ഏതെല്ലാം നദികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | എ) & ബി) ഇല്ല. എന്നാൽ നിളാ നദിയുടെ സാംസ്കാരികവും പൈതൃകവുമായ സമ്പത്തിനെ കോർത്തിണക്കി ഒരു ടൂറിസം വികസന പദ്ധതിയ്ക്ക് മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) നദികളുടെ തീരങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങളെ കൂടി ഉൾക്കൊള്ളിച്ച് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുമോ; | സി) തദ്ദേശവാസികൾക്ക് ഗുണകരമാകുന്ന രീതിയിൽ അവരെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനമാണ് പ്രസ്തുത പദ്ധതിയിൽ വിവക്ഷിക്കുന്നത് |
| ഡി) പദ്ധതി സംബന്ധിച്ച രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണ കുറിപ്പ്</u>

സംസ്ഥാനത്തിന്റെ പ്രധാന നദികളുടെ തനിമയും, പാരമ്പര്യവും നിലനിർത്തുന്നതിനും അവയുടെ സംരക്ഷണവും വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. എന്നാൽ നദികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്ന തരത്തിൽ ടൂറിസം പദ്ധതിക്ക് വകുപ്പ് രൂപം നൽകുക എന്നത് ടൂറിസംവകുപ്പിനെ സംബന്ധിച്ച് അപ്രായോഗികമാണ്. നദികളുടെ സംരക്ഷണത്തിനും മാനേജ്മെന്റിനും മാത്രമായി മറ്റു വകുപ്പുകളിലൂടെ പ്രവർത്തനങ്ങൾ നടന്നു വരുന്ന സാഹചര്യത്തിൽ അവയുടെ ടൂറിസം പ്രാധാന്യവും സംസ്കാരവും കോർത്തിണക്കി തദ്ദേശവാസികൾക്ക് കൂടി ഗുണകരമാകുന്ന വിധത്തിൽ ടൂറിസം ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് ടൂറിസംവകുപ്പിന് സാധ്യമായിട്ടുള്ളത്. ഈ ഉദ്ദേശം മുൻനിർത്തി ആദ്യമായി ഒരു ടൂറിസം വികസന പദ്ധതിക്ക് രൂപം നൽകുന്നതിന് മലബാറിലെ പ്രസിദ്ധമായ "നിള" യെ തിരഞ്ഞെടുത്ത് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ മാസ്റ്റർപ്ലാൻ തയ്യാർ ചെയ്യുന്നതിന്റെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു. ഈ പദ്ധതിക്ക് സർക്കാരിന്റെ 12/3/2012 - ലെ G.O.(Rt) No.2007/12/TSM പ്രകാരം ഭരണാനുമതി ~~ലഭിച്ചിട്ടുള്ളതാണ്.~~ നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തിയതിന് ശേഷം ഇത്തരത്തിലുള്ള പദ്ധതികളുമായി മുന്നോട്ട് പോകുന്നതിനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ